"ഭരണഭാഷ - മാതൃഭാഷ"

# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2080

04/11/2019 ലെ മറുപടിയ്ക്ക്

## പ്രാദേശിക മാധ്യമപ്രവർത്തകർക്കുള്ള ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി യു. പ്രതിഭ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) നിലവിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്ക് എന്തെങ്കിലും ക്ഷേമനിധിയോ ചികിത്സാ ആനുകൂല്യങ്ങളോ ലഭ്യമാണോ യെന്ന് അറിയിക്കുമോ; | എ) & ബി) പ്രാദേശിക മാധ്യമപ്രവർത്തകർക്ക് 2008 ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ് . കേരളത്തിലെ പത്ര -ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികൾക്ക് 19/08/2019 ലെ സ .ഉ. (സാധാ) നം 1005/2019/തൊഴിൽ പ്രകാരം ടി പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. ഈ പദ്ധതിയിൽ അംഗങ്ങളാവുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന" പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ, അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സാ സഹായമായി നല്കുന്നതാണ്. |
| ബി) ഇല്ലെങ്കിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്ക് കൂടി ക്ഷേമനിധി, ചികിത്സാ ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ